**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.299 — 23.01.2018 ൽ മറുപടിക്ക്

## ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

| ചോദ്യം<br>ശ്രീ.കെ. ബാബു | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) & (ബി) | സംസ്ഥാനം ആരോഗ്യരംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി ഒട്ടേറെ പുതിയ ആരോഗ്യ പരിപാടികൾക്ക് സർക്കാർ തുടക്കമിട്ടതിൽ ആർദ്രം മിഷൻ എന്ന പദ്ധതി ആരോഗ്യ മേഖലയെ നല്ല രീതിയിൽ മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ രംഗത്ത് പൊതുമേഖലയുടെ ശക്തമായ തിരിച്ചു വരവ് ശക്തിപ്പെടുത്തലും വഴി സമയബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യ മേഖലയെ പുനഃസംഘടിപ്പിക്കാനും പ്രാഥമിക ചികിത്സാ രംഗത്ത് മുൻഗണന നൽകുവാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും, ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 80-ഓളം കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ സ്വകാര്യതയോട് കൂടിയ |
| (ബി) | ആരോഗ്യമേഖലയിൽ എത്ര പുതിയ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ ക്രമീകരിക്കുന്നതിന്റെ നടപടികൾ പൂർത്തിയായി വരുന്നു.<br><br>സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേയ്ക്കായി തെരെഞ്ഞെടുക്കപ്പെട്ട ജില്ല/ജനറൽ ആശുപത്രികളിൽ സ്പെഷ്യാലിറ്റി തസ്തികകൾ ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. അതോടൊപ്പം തിരഞ്ഞെടുക്കപ്പെട്ട താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലായി ഡോക്ടർ ഉൾപ്പടെയുള്ള അധിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. (സ്പെഷ്യാലിറ്റി തസ്തികകൾ ഉൾപ്പടെ 891 തസ്തികകൾ) തെരെഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ഡയാലിസ്സിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ കിഫ്ബി മുഖേനയും, ജില്ലാതല ആശുപത്രികളിലെ കാത്ത് ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴിയും സംസ്ഥാന പ്ലാൻഫണ്ട് ചെലവഴിച്ചും നടന്നു വരുന്നു.<br><br>കൂടാതെ മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ പുതുതായി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും, പത്തനംതിട്ട, വയനാട് എന്നീ ജില്ലകളിലൽ പുതുതായി പബ്ലിക് ഹെൽത്ത് ലാബുകളും ആരംഭിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ 2130 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ